**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1292** **30-06-2026-ൽ മറുപടിയ്ക്ക്**

**നീറ്റ് , സി.ബി.എസ്.ഇ. പരീക്ഷകളിലെ ക്രമക്കേട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഏജൻസികൾ നടത്തുന്ന നീറ്റ് (നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് ), സി.ബി.എസ്.ഇ. പരീക്ഷകളിൽ വ്യാപകമായ ക്രമക്കേട് നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ വിദ്യാർത്ഥികളുടെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** സി.ബി.എസ്.ഇ. പന്ത്രണ്ടാം ക്ലാസ് പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഈ വിഷയം 25.05.2026 തീയതിയിലെ കത്ത് പ്രകാരം ബഹു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

**(സി)** പ്രസ്തുത പരീക്ഷകളിലെ ക്രമക്കേട് കാരണം റിസൾട്ട് പ്രഖ്യാപിക്കാൻ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ഡി)** പ്രസ്തുത വിഷയം സംസ്ഥാന സർക്കാരിന്റെ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള അഡ്മിഷനെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**മറുപടി:** ദേശീയതലത്തിലുള്ള പ്രവേശന പരീക്ഷകളുടെ ഫലപ്രഖ്യാപനത്തിൽ കാലതാമസം നേരിടുന്ന സാഹചര്യങ്ങൾ സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികളുടെ സമയക്രമത്തെ ഭാഗികമായി ബാധിക്കാനിടയുണ്ട്. എന്നാൽ, വിദ്യാർത്ഥികളുടെ താൽപര്യം സംരക്ഷിക്കുന്നതിനും പ്രവേശന നടപടികൾ സുഗമമായി പൂർത്തിയാക്കുന്നതിനുമായി കേന്ദ്ര ഏജൻസികൾ പ്രസിദ്ധീകരിക്കുന്ന സമയക്രമത്തിനും ബന്ധപ്പെട്ട കോടതി ഉത്തരവുകൾക്കും അനുസൃതമായി പ്രവേശന നടപടികളുടെ കലണ്ടർ ആവശ്യമായ സാഹചര്യങ്ങളിൽ ക്രമീകരിച്ചാണ് പ്രവേശന നടപടികൾ പൂർത്തിയാക്കിവരുന്നത്. അതിനാൽ, ഇത്തരം സാഹചര്യങ്ങൾ ഉണ്ടായാലും വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**